Page 1 of 2

LIBRARY ARCHIVES Kerala Legislative Assembly

എഞ്ചിനീയറിംഗ് പ്രൊമോഷൻ മുഖേന അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ അടിസ്ഥാന യോഗ്യത ഐ.ടി.ഐ സർട്ടിഫിക്കറ്റ് (സിവിൽ)/പോളിടെക്നിക് ഡിപ്ലോമ (സിവിൽ)-യും ആണ്. ജലസേചന വകുപ്പിലെ പ്രവൃത്തികളുടെ അളവുകൾ എം. ബുക്കിൽ രേഖപ്പെടുത്തുന്ന സാങ്കേതിക വിഭാഗം ജീവനക്കാരുടെ തസ്തികയുടെ പേര് അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) എന്നും അവരുടെ അടിസ്ഥാന സാങ്കേതിക യോഗ്യത Degree B.Tech (Civil)ആണ്.

പങ്കാളിത്ത പെൻഷൻ പുന:പരിശോധനാ സമിതി റിപ്പോർട്ട്

46(5201) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പുന:പരിശോധന സമിതിയുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്നും പ്രധാന ശിപാർശകളും വിശദമാക്കുമോ;

(ബി) പങ്കാളിത്ത പെൻഷൻ സ്കീം പിൻവലിക്കുന്നതിൽ സമിതിയുടെ അഭിപ്രായം എന്തെന്നും കേന്ദ്രസർക്കാർ അനുവദിച്ചതിനുപുറമെ എന്തെല്ലാം ആനുകൂല്യങ്ങളാണ് സമിതിയുടെ ശിപാർശകളിലുള്ളതെന്നും വെളിപ്പെടുത്തുമോ?

(എ&ബി) സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കാൻ നിയമിച്ച സമിതി 30-4-2021-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സർക്കാരിന്റെ ഭാവിയിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ചുകൊണ്ട് പങ്കാളിത്ത പെൻഷൻ പദ്ധതി തുടരാവുന്നതാണോ എന്ന വിഷയത്തിൽ സർക്കാരിന് നയപരമായ തീരുമാനം കൈക്കൊള്ളാമെന്നതാണ് റിപ്പോർട്ടിലെ ഒരു നിർദ്ദേശം. പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട ജീവനക്കാർക്ക് ഡി.സി.ആർ.ജി അനുവദിക്കുക, സർക്കാർ വിഹിതം 14% ആക്കി ഉയർത്തുക, 10 വർഷം പൂർത്തിയാക്കാതെ വിരമിക്കുന്ന ജീവനക്കാർക്ക് എക്സ് - ഗ്രേഷ്യ പെൻഷന്റെ മിനിമത്തിന് തുല്യമായ തുകകൂടി അനുവദിക്കുക, 1-4-2013-ന് മുൻപ് നിയമന നടപടികൾ പൂർത്തിയാക്കി, ഭരണപരമായ കാരണങ്ങളാൽ നിയമനം വൈകി, 1-4-2013-നുശേഷം നിയമനം ലഭിച്ചവർക്ക് കെ.എസ്.ആർ. ഭാഗം 3 പെൻഷൻ പദ്ധതിയിൽ തുടരുന്നതിനുള്ള ഓപ്ഷൻ അനുവദിക്കുക എന്നിങ്ങനെയാണ് റിപ്പോർട്ടിലെ മറ്റ് പ്രധാന ശിപാർശകൾ. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിശോധിക്കുന്നത് സംബന്ധിച്ച ഫയലിന്റെ വിശദാംശങ്ങൾ നിലവിലെ സ്ഥിതി സഹിതം വിശദമാക്കുമോ?

പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധന സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ E-179035/Pen A5/31/FIN എന്ന ഫയലിൽ വിശദമായി പരിശോധിച്ചുവരികയാണ്.

(ഡി) സമിതിയെ നിയമിച്ചതെന്നാണെന്നും എത്ര കാലംകൊണ്ടാണ് സമിതി നിയുക്ത പ്രവർത്തനം പൂർത്തിയാക്കിയതെന്നും സമിതിയുടെ പ്രവർത്തന പൂർത്തീകരണത്തിന് കാലതാമസമുണ്ടായോയെന്നും വിശദമാക്കുമോ?

സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി സർക്കാർ 7-11-2018-ലെ സ.ഉ (അ) നമ്പർ 172/2018/ധന. ഉത്തരവ് പ്രകാരം* ശ്രീ. എസ്. സതീഷ്ചന്ദ്രബാബു, ജില്ലാ ജഡ്ജി (റിട്ട.) ചെയർമാനും, ശ്രീ. പി. മാരപാണ്ഡ്യൻ ഐ.എ.എസ് (റിട്ട), പ്രൊഫ. ഡി. നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി എന്നിവർ അംഗങ്ങളുമായി പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സമിതിയെ നിയമിച്ചിരുന്നു. 6-5-2019-ലെ സ.ഉ (അ) നമ്പർ 56/2019/ധന., 1-11-2019-ലെ സ.ഉ (അ) നമ്പർ 147/2019/ധന., 16-4-2020-ലെ സ.ഉ (അ) നമ്പർ 2790/2020/ധന., 21-10-2020-ലെ സ.ഉ (സാധാ) നമ്പർ 6065/2020/ധന. എന്നീ ഉത്തരവുകൾ* പ്രകാരം സമിതിയുടെ പ്രവർത്തനം 30-4-2021 വരെ ദീർഘിപ്പിച്ചുനൽകുകയും 30-4-2021 തീയതിയിൽ സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

(ഇ) സമിതിയുടെ ശിപാർശകൾ പ്രാവർത്തികമാക്കുന്നതിൽ സർക്കാർ കാലവിളംബം വരുത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് എപ്രകാരം പരിഹരിക്കപ്പെടുമെന്നും സമിതി നിർദ്ദേശങ്ങളും ശിപാർശകളും അടിയന്തരമായി നടപ്പിലാക്കുമോ എന്നും വ്യക്തമാക്കുമോ?

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു.

ടൈപ്പിസ്റ്റ് തസ്തികയുടെ പുനർവിന്യാസം

47(5202) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ധനകാര്യ വകുപ്പിന്റെ 5-11-2020-ലെ ജി.ഒ.(പി)152/2020/ധന പ്രകാരം പുറത്തിറങ്ങിയ ടൈപ്പിസ്റ്റ് തസ്തികയുടെ പുനർവിന്യാസം സംബന്ധിച്ച ഉത്തരവ് മരവിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ടൈപ്പിസ്റ്റ് തസ്തികയുടെ പുനർവിന്യാസം സംബന്ധിച്ച 5-11-2020-ലെ സ.ഉ. (അ) 152/2020/ധന.-യിലെ നിർദ്ദേശം നിലവിൽ മരവിപ്പിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly